പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2188 — 22.01.2014-ൽ മറുപടിയ്ക്ക്

## ആട്യപാട്യാ ഗെയിമിന് സ്പോർട്സ് കൗൺസിൽ അംഗീകാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി) | |
| (എ) | ആട്യാ പാട്യാ ഗെയിമിന് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) | ആട്യാ പാട്യാ ഗെയിംസ് കേരളത്തിൽ അത്ര കണ്ട് പ്രചാരമില്ലാത്തതും ദേശീയ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ് എന്നീ പ്രമുഖ മത്സരങ്ങളിൽ ഉൾപ്പെടാത്തതും 2008-ലെ സ്പോർട്സ് ചട്ടങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതുമാണ്, ടി ഗെയിമിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകുന്നതിനുള്ള തടസ്സങ്ങൾ. |
| (ബി) | ആട്യാപാട്യാ എന്നത് കിളിത്തട്ട് കളിയുടെ പരിഷ്ക്കരിച്ച രൂപമാണെന്നുള്ളത് മനസ്സിലാക്കാതെ കേരള സ്പോർട്സ് കൗൺസിൽ ആട്യാപാട്യാ അസോസിയേഷന് അംഗീകാരം നൽകാതിരിക്കുന്നു എന്ന് ആരോപിച്ച് മുഖ്യമന്ത്രിക്ക് സംഘടന നൽകിയ നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (ബി) | ബഹു.കായിക വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനം 18.01.2014-ൽ കായികയുവജനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 'ടി' കളിയിനം ദേശീയ ഗെയിംസ്, ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് എന്നീ പ്രമുഖമത്സരങ്ങളിൽ ഉൾപ്പെടാത്തതും, 2008-സ്പോർട്സ് ചട്ടങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതുമായതിനാൽ 'ടി' കളിയിനത്തിന് അംഗീകാരം നൽകണമെന്ന ഈ അപേക്ഷ പരിഗണിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ